**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവന്തപുരം മേഖലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ പ്രദീപ് ആർ, ഡെപ്യൂട്ടി ടൌൺ പ്ലാനർ - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം. 2416/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം :13/09/2018**

പരാമർശം : 1) 14/06/1994 ലെ സർക്കാർ സർക്കുലർ നം 36/94/ധന.

2) ശ്രീ പ്രദീപ് ആർ, ഡെപ്യൂട്ടി ടൌൺ പ്ലാനർ സമർപ്പിച്ച 09/03/2017 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ.

3) മുഖ്യ നഗരാസൂത്രകന്റെ 27.03.2018 തീയതിയിലെ എ 3/1068/2017 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവന്തപുരം മേഖലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ പ്രദീപ് ആർ, ഡെപ്യൂട്ടി ടൌൺ പ്ലാനർ തന്റെ പ്രായാധിക്യമുള്ള മാതാപിതാക്കളുടെ പരിചരണത്തിനായി 01.04.2017 മുതൽ 31.12.2018 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്ന് പ്രകാരം വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദീർഘകാലത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രായാധിക്യമുള്ള മാതാപിതാക്കളുടെ പരിചരണത്തിനായാണ് ടിയാൻ അവധി ആവശ്യപ്പെട്ടിരിക്കുന്നത് എന്നത് പരിഗണിച്ച് ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം 01.04.2017 മുതൽ 31.12.2018 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം

ശ്രീ പ്രദീപ് ആർ, ഡെപ്യൂട്ടി ടൌൺ പ്ലാനർ (മുഖ്യ നഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ